## പതിനഞ്ചാം കേരള നിയമസഭ

### വിഷയ നിർണ്ണയ സമിതി – XIV – (ആഭ്യന്തര കാര്യങ്ങൾ)

### ധനാഭ്യർത്ഥന II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ബഹു. ധനകാര്യ മന്ത്രിയുടെ പ്രസ്താവന**

| ക്രമ നമ്പർ | കമ്മിറ്റി ശിപാർശ ഖണ്ഡിക നമ്പർ | പ്രസ്താവന |
|---|---|---|
| 1 | 1,2,5,7,8,9 | നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം അധിക തുകയുടെ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുന്ന ഭരണവകുപ്പ് ശിപാർശ കണക്കിലെടുത്ത് ഉചിതമാർഗ്ഗത്തിലൂടെ നൽകുന്ന കാര്യം പരിഗണിക്കു-ന്നതാണ്. |
| 2 | 3 | വേതനം, ക്ഷാമബത്ത, എന്നീ ഇനങ്ങളിൽ അപ്രോപ്രിയേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ അധിക തുക അനുവദിക്കാതെ തന്നെ വകുപ്പുകൾക്ക് ചെലവുകൾ വഹിക്കാവുന്നതാണ്. സ്ഥലമാറ്റ ബത്ത, ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിൽ നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ഭരണ വകുപ്പ് ലഭ്യമാക്കുന്ന ശിപാർശയനുസരിച്ച് തുക ഉചിതമാർഗ്ഗത്തിലൂടെ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 3 | 4 | ഓവർടൈം അലവൻസ് സംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ പ്രകാരം കൃത്യത ഉറപ്പ് വരുത്തി നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവ് സഹിതം ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുമ്പോൾ ഉചിത മാർഗ്ഗത്തിലൂടെ അധിക തുക അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. |
| 4 | 6 | സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. |
| 5 | 10 | വേതനം, ദിവസവേതനം എന്നീ ഇനങ്ങളിൽ അപ്രോപ്രിയേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ അധിക തുക അനുവദിക്കാതെ തന്നെ വകുപ്പുകൾക്ക് ചെലവുകൾ വഹിക്കാവുന്നതാണ്. നിലവിലുള്ള ബജറ്റ് |

| ക്രമ നമ്പർ | കമ്മിറ്റി ശിപാർശ ഖണ്ഡിക നമ്പർ | പ്രസ്താവന |
|---|---|---|
| | | വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ഉചിത മാർഗ്ഗത്തിലൂടെ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| 6 | 11 | 14.06.2022 ലെ സ.ഉ.(സാധാ)നമ്പർ 4343/2022/ധന ഉത്തരവ് പ്രകാരം 22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| 7 | 12 | സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. |
| 8 | 13,15 | ആസൂത്രണ ബോർഡിന്റെ ശിപാർശയുടെനുസൃതമായിട്ടാണ് ഓരോ പദ്ധതിയ്ക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ ഭരണ വകുപ്പ് ലഭ്യമാക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവലഭ്യത കണക്കിലെടുത്തും അധിക വിഹിതം ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 9 | 14 | 25.05.2022 ലെ സ.ഉ.(സാധാ)നമ്പർ 3939/2022/ധന ഉത്തരവ് പ്രകാരം ധനപുനർ വിനിയോഗം വഴി 9.1785 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ചെലവിന്റെ വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ലഭ്യമാക്കുന്ന ശിപാർശ പരിശോധിച്ച് അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**ധനകാര്യ മന്ത്രി**

K.N. BALAGOPAL
Minister for Finance
Government of Ke...

# പതിനഞ്ചാം കേരള നിയമസഭ

## വിഷയ നിർണ്ണയ സമിതി XIV - ആഭ്യന്തര കാര്യങ്ങൾ

## ധനാഭ്യർത്ഥന III - നീതിന്യായ നിർവ്വഹണം

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ബഹു. ധനകാര്യ മന്ത്രിയുടെ പ്രസ്താവന

| ക്രമ നമ്പർ | കമ്മിറ്റി ശിപാർശ ഖണ്ഡിക നമ്പർ | പ്രസ്താവന |
|---|---|---|
| 1 | 16, 17, 19, 22, 23, 31, 35, 36, 37, 39, 40, 43, 45, 47 | നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം അധിക ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. |
| 2 | 18, 24, 25, 30, 41, 44 | നടപടിക്രമങ്ങൾ പാലിച്ച് ധനവകുപ്പിന്റെ അനുമതിയോടുകൂടി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ടാണ് പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച ചെലവ് വഹിക്കേണ്ടത്. വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ലഭ്യമാക്കുന്ന ശിപാർശ പരിഗണിക്കുന്നതാണ്. |
| 3 | 20, 38, 49 | ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടേയും, ബജറ്റ് വിനിയോഗത്തിന്റേയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായിവരുന്നപക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്ത് ഭരണവകുപ്പ് ലഭ്യമാക്കുന്ന ഉചിതമായ ധനപുനർവിനിയോഗ ശിപാർശകൾ പരിഗണിക്കുന്നതാണ്. പുതിയ ചെലവുകൾ/ഘടകങ്ങൾ സംബന്ധിച്ച ശിപാർശ ബന്ധപ്പെട്ട വിശദാംശങ്ങൾ സഹിതം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടെ പരിശോധനയ്ക്കും അനുമതിയ്ക്കുമായി ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. |

| | | |
|---|---|---|
| 4 | 21 | നിലവിൽ പി.എഫ്.എം.എസ് മുഖേനയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. Single Nodal agency സംവിധാനത്തിന്റെ കീഴിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക്, കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും Single Nodal അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും, പ്രസ്തുത അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര വിഹിതം ലഭ്യമായ തിന്റെ റിലീസ് ഓർഡർ അടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുമ്പോൾ കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും SNA അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി ഉചിത മാർഗ്ഗത്തിലൂടെ ആവശ്യമായ അധിക വിഹിതം അനുവദിക്കുന്നതാണ്. പ്രസ്തുത എസ്.എൻ.എ അക്കൗണ്ടിൽ നിന്നും റെമ്യൂനറേഷൻ അടക്കമുള്ള ചെലവ് വഹിക്കാവുന്നതാണ്. |
| 5 | 26, 28, 48 | നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം കുടിശ്ശിക സംബന്ധിച്ച് വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. |
| 6 | 27 | നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം അനുമതി ഉത്തരവുകൾ, ചെലവ് എന്നിവ സംബന്ധിച്ച വിശദാംശ ങ്ങൾ സഹിതം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. |
| 7 | 29 | ശമ്പളം, വേതനം തുടങ്ങിയ ഇനങ്ങളിൽ സർക്കാർ അനുമ തിയുള്ള തസ്തികകളുമായി ബന്ധപ്പെട്ട ചെലവിന് അപ്രോപ്രി യേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ ധനവകുപ്പ് അധിക വിഹിതം അനുവദിക്കാതെ തന്നെ സർക്കാർ അനുമ തിയോടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധിച്ചുള്ള ചെലവുകൾക്ക് ആവശ്യമായ തുക വകുപ്പുകൾക്ക് ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്നതാണ്. ബജറ്റ് വിഹിതത്തിനുപരി യായി ഇത്തരത്തിൽ ചെലവഴിക്കുന്ന തുക അന്തിമ ധന പുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനാവശ്യമായ ശിപാ ർശ ഭരണവകുപ്പ് ധനവകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. |

| | | |
|---|---|---|
| 8 | 32 | പുതിയ ഇനങ്ങൾ സംബന്ധിച്ച ചെലവ് വഹിക്കേണ്ടുന്ന പക്ഷം പ്രസ്തുത ഇനങ്ങളുടെ പ്രതീക്ഷിത ചെലവു അടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് സമർപ്പിക്കുന്ന ശിപാ .ർശ പരിശോധിക്കുന്നതാണ്. |
| 9 | 33, 34 | ശമ്പളം, വേതനം തുടങ്ങിയ ഇനങ്ങളിൽ സർക്കാർ അനുമതിയുള്ള തസ്തികകളുമായി ബന്ധപ്പെട്ട ചെലവിന് അപ്രോപ്രിയേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ ധനവകുപ്പ് അധിക വിഹിതം അനുവദിക്കാതെ തന്നെ സർക്കാർ അനുമതിയോടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധിച്ചുള്ള ചെലവുകൾക്ക് ആവശ്യമായ തുക വകുപ്പുകൾക്ക് ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്നതാണ്. ബജറ്റ് വിഹിതത്തിനുപരിയായി ഇത്തരത്തിൽ ചെലവഴിക്കുന്ന തുക അന്തിമ ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനാവശ്യമായ ശിപാർശ ഭരണവകുപ്പ് ധനവകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. ഭരണപരമായ മറ്റു ചെലവുകൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം ചെലവിന്റെ വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ലഭ്യമാക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക വിഹിതം ഉചിതമാർഗ്ഗേണ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 10 | 42 | ലീഗൽ ബെനിഫിറ്റ് ഫണ്ട് ഇനത്തിൽ ലഭിച്ച ആകെ വരവിന്റെയും ഫണ്ടിലേക്ക് ഇതിനകം കൈമാറിയ മൊത്തം തുകയുടെയും കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ലഭ്യമാക്കുന്ന ശിപാർശ കണക്കിലെടുത്ത് ബാലൻസ് തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 11 | 46 | മുൻ വർഷത്തെ അപേക്ഷിച്ച് മതിയായ വർദ്ധനവ് നടപ്പ് വർഷത്തെ ബജറ്റ് വിഹിതത്തിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചു തീരുന്ന മുറയ്ക്ക് വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിഗണിക്കുന്നതാണ്. |

| | | |
|---|---|---|
| 12 | 196 | പുതിയ ഘടകങ്ങൾ/ഇനങ്ങൾ സംബന്ധിച്ച ചെലവു വഹിക്കേണ്ടുന്ന പക്ഷം പ്രസ്തുത ഇനങ്ങളുടെ പ്രതീക്ഷിത ചെലവു അടക്കമുള്ള വിശദാംശങ്ങൾ സഹിതം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടെ ശിപാർശ പരിശോധനയ്ക്കായി ധനവകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. |

K.N. Balagopal 23/6/22

**ധനകാര്യ മന്ത്രി**

K.N. BALAGOPAL
Minister for Finance
Government of Kerala